**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1770 — 14.07.2016 -ൽ മറുപടിയ്ക്ക്

**എറണാകുളം ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

| ചോദ്യം<br>**ശ്രീ. റോജി എം.ജോൺ:** | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | എറണാകുളം ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ബന്ധപ്പെടുത്തി സ്വദേശ, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ? | എ) യും ബി) യും സി) യും | എറണാകുളം ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുമായി ബന്ധപ്പെട്ട് അടുത്ത 30 വർഷത്തെ വികസനം മുൻപിൽ കണ്ട് ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാൻ വകുപ്പ് തയ്യാറാക്കിയി ട്ടുണ്ട്. കാലടി - മലയാറ്റൂർ - ആതിരപ്പള്ളി ടൂറിസം സർക്യൂട്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. ഫോർട്ട് കൊച്ചിയ്ക്കായുള്ള മാസ്റ്റർപ്ലാൻ അംഗീകരിച്ചിട്ടു ണ്ട്. ഈ മാസ്റ്റർപ്ലാനുകളും മറ്റ് സാധ്യതകളും പരിഗണിച്ച് പുതിയ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. |
| ബി) | എറണാകുളം ജില്ലയിലെ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | | |
| സി) | ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ലഭ്യമാണോ; റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; | | |
| ഡി) | അങ്കമാലി നിയോജകമണ്ഡലത്തിലെ ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളിൽ പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | ഡി) | മണപ്പാട്ടുചിറ ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് പദ്ധതിക്കായും മണപ്പാട്ടുചിറ സോളാർ സ്ട്രീറ്റ് ലൈറ്റിംഗ് ആന്റ് ഹൈമാസ്റ്റ് ലൈറ്റ് ഇൻസ്റ്റാലേഷൻ പദ്ധതിക്കായും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ഇ) | നിലവിൽ അങ്കമാലി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ ഏതെല്ലാമെന്നും, പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും വിശദമാക്കാമോ? | ഇ) | അങ്കമാലി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികളുടേയും പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളുടേയും പട്ടിക അനുബന്ധമായി ചേർക്കുന്നു.. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## Angamali Projects

| Sl No. | Name of Project | Components |
|---|---|---|
| 1 | Development of Manappattu Chira with Solar Street Lighting system and High mast light installation using ADF | 35 No of solar street light |
| 2 | Setting up of Park near Manappattuchira using ADF | Curb wall protection,Children's park with equipments, Landscaping, Entrance gate, Seating plaza with benches. |
| 3 | Development of Manappattuchira environs at Malayattoor | Entrance park, boat jetty , ticket counter, information centre, tile laying infront of yard, providing handrails and lights around the chira |

6